"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. സുരേന്ദ്രൻ റ്റി.റ്റി, സെക്രട്ടറി, കണ്ണപുരം ഗ്രാമപഞ്ചായത്ത്, കണ്ണൂർ എന്നവരുടെ കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.264/2025/LSGD തീയതി,തിരുവനന്തപുരം, 27-01-2025

---

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി) നം.580/2013/ധന നം. ഉത്തരവ്
3. 05.05.2023-ലെ സ.ഉ.(സാധാ) നം.981/2023/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/08/2024 തീയതിയിലെ 2021/E1/2024/KSHO നം. കത്ത്.

**ഉത്തരവ്**

ശ്രീ. സുരേന്ദ്രൻ റ്റി.റ്റി, സെക്രട്ടറി, കണ്ണപുരം ഗ്രാമപഞ്ചായത്ത്, കണ്ണൂർ എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ 29/05/2023 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 28/05/2024 -ൽ അവസാനിക്കുന്നതായും 29/05/2024 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ച് നല്കണമെന്നും പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ. സുരേന്ദ്രൻ റ്റി.റ്റി, സെക്രട്ടറി, കണ്ണപുരം ഗ്രാമപഞ്ചായത്ത്, കണ്ണൂർ എന്നവരുടെ കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1, ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 29/05/2024 മുതൽ മുൻ കാല പ്രാബല്യത്തിൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

3. സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാത്തതിന് ശ്രീ. സുരേന്ദ്രൻ റ്റി.റ്റി, സെക്രട്ടറി, കണ്ണപുരം ഗ്രാമപഞ്ചായത്ത്, കണ്ണൂർ എന്നവർക്ക് താക്കീത് നല്കേണ്ടതും മേലിൽ സമയബന്ധിതമായി അപേക്ഷ ലഭ്യമാക്കാത്ത ജീവനക്കാരുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കേണ്ടതില്ലാത്തതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR MANJU K

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ. സുരേന്ദ്രൻ റ്റി.റ്റി, സെക്രട്ടറി, കണ്ണപുരം ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/269/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 27-01-2025 14:09:12

സെക്ഷൻ ഓഫീസർ